Kerala Gazette No. 32 dated 11th August 2020.
**PART III**

# COMMISSIONERATE OF LAND REVENUE

## LAND FAIR VALUE NOTIFICATION

## ERNAKULAM DISTRICT

FORM 'A'

[*See* Rule 4]

NOTIFICATION

No. A8-830/2019. *7th February 2020.*

Whereas, it is expedient to publish the Fair Value of Land as required under Section 28A of the Kerala Stamp Act, 1959 read with rule (4) of Kerala Stamp (Fixation of Fair Value of Land) Rules, 1995;

Now, Therefore, it is hereby made known to the public that the fair value fixed for the land mentioned against each serial number, in respect of the land situated in the survey/re-survey numbers of the Village and Taluk mentioned against each, shall be as shown against it in column (11) thereof.

SCHEDULE

*District*—Ernakulam.

*Taluk*—Kunnathunad. *Village*—Perumbavoor.

| *Sl. No.* | *Sy. No.* | *Sub Division No.* | *Re-Sy. Block* | *Re-Sy. No.* | *Re-Sy. Sub Div. No.* | *Panchayath/ Municipality/ Corporation* | *Name of Local Body Panchayath/ Municipality/ Corporation* | *Name and No. of Ward* | *Classification by use* | *Fair Value per Are (₹)* |
|---|---|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) |
| 1 | .. | .. | 37 | 1 | 2 | Municipality | Perumbavoor | .. | Residential Plot with PWD road access | 1,70,000 |
| 2 | .. | .. | 37 | 7 | 4 | | | | | |
| 3 | .. | .. | 37 | 69 | 2 | | | | | |
| 4 | .. | .. | 37 | 70 | 3 | | | | | |

Revenue Divisional Office, (Sd.)
Moovattupuzha. *Revenue Divisional Officer.*

---

### മൂവാറ്റുപുഴ റവന്യൂ ഡിവിഷണൽ ആഫീസറുടെ നടപടിക്രമം

(ഹാജർ: എം. റ്റി. അനിൽകുമാർ)

(1)

നമ്പർ എ8-194/2020. 2020 ഫെബ്രുവരി 7.

വിഷയം:—ന്യായവില പുനർനിർണ്ണയം—ശ്രീമതി ഏലിയാമ്മ പോത്തൻ ഇലവനാൽ, പൂതൃക്ക സമർപ്പിച്ച അപേക്ഷ—ഉത്തരവാകുന്നത്—സംബന്ധിച്ച്.

സൂചന:—(1) ശ്രീമതി ഏലിയാമ്മ പോത്തന്റെ 19-2-2019-ലെ അപേക്ഷ.

(2) ഐക്കരനാട് വില്ലേജ് ഓഫീസറുടെ 24-3-2019-ലെ 105/19-ാം നമ്പർ റിപ്പോർട്ട്.

(3) കുന്നത്തുനാട് തഹീശൽദാരുടെ 22-11-2019-ലെ എ6-3945/2019-ാം നമ്പർ റിപ്പോർട്ട്.

കുന്നത്തുനാട് താലൂക്ക്, ഐക്കരനാട് സൗത്ത് വില്ലേജ്, ബ്ലോക്ക് നമ്പർ 49, റീസർവ്വെ 385/7-ൽപ്പെട്ട 16.05 ആർ വസ്തുവിന്റെ ന്യായവില പുനഃനിർണ്ണയിക്കുന്നതിനുവേണ്ടിയാണ് സൂചന (1) പ്രകാരം ശ്രീമതി ഏലിയാമ്മ പോത്തൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

അപേക്ഷാ വസ്തു അപേക്ഷകയുടെ കൈവശത്തിലും കരം തീരുവയിലുമുള്ളതും ബി.ടി.ആർ. പ്രകാരം നിലം ആയി രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. അപേക്ഷാ വസ്തുവിന് ന്യായവില രജിസ്റ്റർ പ്രകാരം 'റസിഡൻഷ്യൽ പ്ലോട്ട് വിത്ത് പ്രൈവറ്റ് റോഡ് ആക്സസ്' കാറ്റഗറിയിൽ ആർ ഒന്നിന് ₹ 1,25,000-ം 'റസിഡൻഷ്യൽ പ്ലോട്ട് വിത്തൗട്ട് റോഡ് ആക്സസ്' കാറ്റഗറിയിൽ ആർ ഒന്നിന് ₹ 75,000-ം ന്യായവില നിശ്ചയിക്കപ്പെട്ടിട്ടുള്ളതാണ്.

അപേക്ഷാ വസ്തുവിലേക്ക് പാടവരമ്പ് മാത്രമാണ് വഴി സൗകര്യമായുള്ളതെന്നും, അപേക്ഷാ വസ്തുവിലും സമീപ വസ്തുവിലും നെൽകൃഷി ചെയ്തു വരുന്നതാണെന്നും, സമീപ വസ്തുക്കളായ റീസർവ്വെ 385/5, 8, 14, 12, 13, 11 എന്നിവയും നിലമായാണ് കാണപ്പെടുന്നതെന്നും അപേക്ഷാ വസ്തു 'വെറ്റ് ലാൻഡ്' (നിലം) കാറ്റഗറിയിൽ ഉൾപ്പെടുത്തി ആർ ഒന്നിന് ₹ 7,500 ന്യായവില നിശ്ചയിക്കാവുന്നതാണെന്നും സൂചന (2) പ്രകാരം കുന്നത്തുനാട് തഹശീൽദാർ റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

ന്യായവില നിർണ്ണയത്തിലെ അപാകതകൾ 1959-ലെ കേരള സ്റ്റാമ്പ് ആക്ട് സെക്ഷൻ 28എ, പ്രസ്തുത നിയമത്തിൻ കീഴിലുള്ള 1995-ലെ കേരള സ്റ്റാമ്പ് (ഫിക്സേഷൻ ഓഫ് ഫെയർ വാല്യു ഓഫ് ലാൻഡ്) റൂൾസ് ചട്ടം 3 എന്നിവ പ്രകാരം ന്യായവില നിർണ്ണയിച്ച് ചട്ടം 4 പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധപ്പെടുത്തേണ്ടതുണ്ട്.

ഈ സാഹചര്യത്തിൽ, അപേക്ഷാ വസ്തുവായ, ഐക്കരനാട് സൗത്ത് വില്ലേജ്, ബ്ലോക്ക് 49, റീസർവ്വെ 385/7-ൽപ്പെട്ട വസ്തുവിന് ആർ ഒന്നിന് ₹ 7,500 ന്യായവില നിശ്ചയിച്ച് ഉത്തരവാകുന്നു.

FORM 'A'

[*See* Rule 4]

NOTIFICATION

No. A8-194/2020. *7th February 2020.*

Whereas, it is expedient to publish the Fair Value of Land as required under Section 28A of the Kerala Stamp Act, 1959 read with sub-rule (4) of Kerala Stamp (Fixation of Fair Value of Land) Rules, 1995;

Now, Therefore, it is hereby made known to the public that the fair value fixed for the land mentioned against each serial number, in respect of the land situated in the survey/re-survey numbers of the Village and Taluk mentioned against each, shall be as shown against it in column (11) thereof.

SCHEDULE

*District*—Ernakulam.
*Village*—Aikkaranad (South). *Taluk*—Kunnathunad.
Desom—Poothrikka.

| *Sl. No.* | *Sy. No.* | *Sub Division No.* | *Re-Sy. Block* | *Re-Sy. No.* | *Re-Sy. Sub Div. No.* | *Panchayath/ Municipality/ Corporation* | *Name of Local Body Panchayath/ Municipality/ Corporation* | *Name and No. of Ward* | *Classification by use* | *Fair Value per Are (₹)* |
|---|---|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) |
| 1 | .. | .. | 49 | 385 | 7 | Panchayat | Poothrikka | Palackamattam | Wet Land | 7,500 |

(2)

നമ്പർ എ8-6866/2019. 2020 ഫെബ്രുവരി 28.

വിഷയം:—ന്യായവില പുനർനിർണ്ണയം—ശ്രീ. ശ്രീകാന്ത് ശ്രീധരൻ, മണവാളത്ത്, മൂടിക്കൽ, മാറമ്പള്ളി സമർപ്പിച്ച അപേക്ഷ ന്യായവില പുനർ നിർണ്ണയിച്ച് ഉത്തരവാകുന്നത്—സംബന്ധിച്ച്.

സൂചന:—(1) കുന്നത്തുനാട് തഹശീൽദാരുടെ 18-11-2019-ലെ എ6-13078/2019-ാം നമ്പർ റിപ്പോർട്ട്.

(2) അറയ്ക്കപ്പടി വില്ലേജ് ഓഫീസറുടെ 25-10-2019-ലെ 104/2019-ാം നമ്പർ റിപ്പോർട്ട്.

(3) ലാന്റ് റവന്യൂ കമ്മീഷണറുടെ 11-2-2019-ലെ എൽ.ആർ.എ3-54074/18-ാം നമ്പർ പരിപത്രം.

കുന്നത്തുനാട് താലൂക്ക്, അറയ്ക്കപ്പടി വില്ലേജ്, ബ്ലോക്ക് നമ്പർ 28, റീസർവ്വെ 119/1-1-2-ൽപ്പെട്ട 03.44 ആർ വസ്തുവിന്റെ ന്യായവില പുനർനിർണ്ണയിക്കുന്നതിന് ശ്രീ. ശ്രീകാന്ത് ശ്രീധരൻ, മണവാളത്ത്, മൂടിക്കൽ, മാറമ്പള്ളി അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്.

അപേക്ഷാ വസ്തു ന്യായവില രജിസ്റ്ററിൽ "റസിഡൻഷ്യൽ പ്ലോട്ട് വിത്ത് എൻ. എച്ച്./പി,ഡബ്ല്യു.ഡി. റോഡ് ആക്സസ്" കാറ്റഗറിയിൽ ഉൾപ്പെട്ടിട്ടുള്ളതും, ആർ. ഒന്നിന് ₹ 1,25,000 ന്യായവില നിശ്ചയിച്ചിട്ടുള്ളതുമാണ്. ടി വില പുനർനിർണ്ണയിച്ച് കുറവു ചെയ്യുന്നതിനാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

റീ സർവ്വെ 104/11-ൽ ഉൾപ്പെട്ട വസ്തുവിനെ 'റസിഡൻഷ്യൽ പ്ലോട്ട് വിത്ത് പ്രൈവറ്റ് റോഡ് ആക്സസ്' കാറ്റഗറിയിൽ ഉൾപ്പെടുത്തി ആർ ഒന്നിന് ₹ 37,500 ന്യായവില നിശ്ചയിച്ചിട്ടുള്ളതുമാണ്.

അപേക്ഷാ വസ്തു, ബി.ടി. ആർ., തണ്ടപ്പേർ എന്നിവയിൽ നിലമായി രേഖപ്പെടുത്തപ്പെട്ടിരിക്കുന്നതും, പഞ്ചായത്ത് റോഡിൽ നിന്നും ഏകദേശം 200 മീറ്റർ മാറി മണ്ണ് റോഡ് സാമീപ്യം മാത്രമുള്ളതാണെന്നും അപേക്ഷാ വസ്തുവും സമാനവസ്തുവും തമ്മിൽ 200 മീറ്റർ അകലമുള്ളതാണെന്നും സൂചന (2) പ്രകാരം വില്ലേജ് ഓഫീസർ അറയ്ക്കപ്പടി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അപേക്ഷാ വസ്തുവിന് റസിഡൻഷ്യൽ പ്ലോട്ട് വിത്ത് പ്രൈവറ്റ് റോഡ് ആക്സസ് കാറ്റഗറിയിൽ ആർ ഒന്നിന് സമാന വസ്തുവിന്റെ വിലയായ ₹ 37,500 ന്യായവില നിശ്ചയിക്കാവുന്നതാണെന്ന് സൂചന (1) പ്രകാരം തഹശീൽദാർ, കുന്നത്തുനാട് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അപേക്ഷാവസ്തു സംബന്ധിച്ച ഭൗതിക സാഹചര്യങ്ങൾ പരിശോധിക്കുമ്പോൾ, ന്യായവില വിജ്ഞാപനം നടത്തിയ സമയത്ത് ക്ലാസിഫിക്കേഷനിൽ വന്ന പിശകാണ് വർദ്ധിച്ച ന്യായവിലയ്ക്ക് കാരണമായിട്ടുള്ളതെന്ന് കാണുന്നു.

ന്യായവില നിർണ്ണയത്തിലെ അപാകതകൾ 1959-ലെ കേരള സ്റ്റാമ്പ് ആക്ട് സെക്ഷൻ 28എ, പ്രസ്തുത നിയമത്തിൻ കീഴിലുള്ള 1995-ലെ കേരള സ്റ്റാമ്പ് (ഫിക്സേഷൻ ഓഫ് ഫെയർ വാല്യു ഓഫ് ലാൻഡ്) ചട്ടം 3 എന്നിവ പ്രകാരം ന്യായ വില നിർണ്ണയിച്ച് ചട്ടം 4 പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധപ്പെടുത്തേണ്ടതുണ്ട്.

ഈ സാഹചര്യത്തിൽ, സൂചന (3)-ലെ പരിപത്ര പ്രകാരം 2010-ലെ ന്യായവില വിജ്ഞാപനം ചെയ്തപ്പോൾ ക്ലാസിഫിക്കേഷനിൽ വന്ന പിശകുകളും, അതു മൂലമുണ്ടായ വില നിർണ്ണയവുമായി പരിഗണിച്ച്, അപേക്ഷാവസതുവായ കുന്നത്തുനാട് താലൂക്ക്, അറയ്ക്കപ്പടി വില്ലേജ്, ബ്ലോക്ക് 28, റീസർവ്വെ 119/1-1-2-ൽപ്പെട്ട വസ്തുവിന് റസിഡൻഷ്യൽ പ്ലോട്ട് വിത്ത് പ്രൈവറ്റ് റോഡ് ആക്സസ് കാറ്റഗറിയിൽ ആർ ഒന്നിന് ₹ 37,500 ന്യായവില നിശ്ചയിച്ച് ഉത്തരവാകുന്നു.

FORM 'A'

[*See* Rule 4]

NOTIFICATION

No. A8-6866/2019. *28th February 2020.*

Whereas, it is expedient to publish the Fair Value of Land as required under Section 28A of the Kerala Stamp Act, 1959 read with rule (4) of Kerala Stamp (Fixation of Fair Value of Land) Rules, 1995;

Now, Therefore, it is hereby made known to the public that the fair value fixed for the land mentioned against each serial number, in respect of the land situated in the survey/re-survey numbers of the Village and Taluk mentioned against each, shall be as shown against it in column (11) thereof.

SCHEDULE

*District*—Ernakulam. *Taluk*—Kunnathunad.
*Village*—Arackappady. Desom—Vengola.

| *Sl. No.* | *Sy. No.* | *Sub Division No.* | *Re-Sy. Block* | *Re-Sy. No.* | *Re-Sy. Sub Div. No.* | *Panchayath/ Municipality/ Corporation* | *Name of Local Body Panchayath/ Municipality/ Corporation* | *Name and No. of Ward* | *Classification by use* | *Fair Value per Are (₹)* |
|---|---|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) |
| 1 | .. | .. | 28 | 119 | 1-1-2 | Panchayat | Vengola | Vengola XVI | Residential plot with Private road access | 37,500 |

Revenue Divisional Office,
Moovattupuzha.

(Sd.)
*Revenue Divisional Officer.*

## മൂവാറ്റുപുഴ റവന്യൂ ഡിവിഷണൽ ആഫീസറുടെ നടപടിക്രമം

(ഹാജർ: സാബു കെ. ഐസക്)

(1)

നമ്പർ എ8-2066/2020. 2020 മാർച്ച് 20.

വിഷയം:—ന്യായവില പുനർനിർണ്ണയം—ശ്രീ. കൃഷ്ണൻകുട്ടി, പഴമലപ്പറമ്പിൽ, നാഗഞ്ചേരി സമർപ്പിച്ച അപേക്ഷ—ന്യായവില പുനർ നിർണ്ണയിച്ച് ഉത്തരവാകുന്നത്—സംബന്ധിച്ച്.

സൂചന:—(1) ശ്രീ. കൃഷ്ണൻകുട്ടി, പഴമലപ്പറമ്പിൽ, നാഗഞ്ചേരി സമർപ്പിച്ച 20-1-2020-ലെ അപേക്ഷ.

(2) തൃക്കാരിയൂർ വില്ലേജ് ഓഫീസറുടെ 27-2-2020-ലെ 64/2020-ാം നമ്പർ റിപ്പോർട്ട്.

(3) കോതമംഗലം തഹശീൽദാരുടെ 9-3-2020-ലെ എഫ്5-2305/20 നമ്പർ റിപ്പോർട്ട്.

(4) ലാന്റ് റവന്യൂ കമ്മീഷണറുടെ 11-2-2019-ലെ എൽ.ആർ.എ3-4674/18-ാം നമ്പർ പരിപത്രം.

കോതമംഗലം താലൂക്ക്, തൃക്കാരിയൂർ വില്ലേജ്, സർവ്വെ 126/1/12/9-2, 126/1/11/8 എന്നീ നമ്പരുകൾ ഒന്നായിക്കിടക്കുന്ന 36.44 ആർ വസ്തുക്കളുടെ ന്യായവില പുനർനിർണ്ണയിക്കുന്നതിനാണ് സൂചന (2) പ്രകാരം ശ്രീ. കൃഷ്ണൻകുട്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

ടി വസ്തുക്കൾ ബി.ടി.ആർ. പ്രകാരം പുരയിടമായി രേഖപ്പെടുത്തിയിട്ടുള്ളതും ന്യായവില രജിസ്റ്ററിൽ സർക്കാർ ഭൂമി എന്ന് രേഖപ്പെടുത്തി ആർ ഒന്നിന് ഒരു രൂപ വില നിശ്ചയിച്ചിട്ടുള്ളതുമാണ്.

അപേക്ഷാ വസ്തുവിന് എൽ. എ. 28/69-ാം നമ്പരായി അപേക്ഷകന്റെ പിതാവിന് പട്ടയം ലഭിച്ചിട്ടുള്ളതാണ്.

അപേക്ഷാ വസ്തുവിന് ചേർന്നുള്ള പഞ്ചായത്ത് റോഡിന് എതിർവശത്ത് സ്ഥിതി ചെയ്യുന്നതും സമാനസ്വഭാവമുള്ളതുമായ സർവ്വെ 126/1/21/18 നമ്പരിൽപ്പെട്ട വസ്തു സമാനവസ്തുവായി പരിഗണിച്ചിട്ടുള്ളതും ടി വസ്തുവിന് ആർ ഒന്നിന് ₹ 27,000 ('റസിഡൻഷ്യൽ പ്ലോട്ട് വിത്ത് പഞ്ചായത്ത് റോഡ് ആക്സസ്' കാറ്റഗറിയിൽ) ന്യായവില നിശ്ചയിച്ചിട്ടുള്ളതുമാണ്.

സമാന വസ്തുവായ സർവ്വെ 126/1/21/18-ന്റെ വിലയായ റെസിഡൻഷ്യൽ പ്ലോട്ട് വിത്ത് പഞ്ചായത്ത് റോഡ് ആക്സസ് കാറ്റഗറിയിൽ നിശ്ചയിച്ചിട്ടുള്ള ആർ ഒന്നിന് ₹ 27,000 അപേക്ഷാ വസ്തുവിനും നിശ്ചയിക്കാവുന്നതാണെന്ന് സൂചന (3) പ്രകാരം കോതമംഗലം തഹശീൽദാർ ശുപാർശ ചെയ്തിട്ടുണ്ട്.

ന്യായവില നിർണ്ണയത്തിലെ ക്ലാസിഫിക്കേഷനിൽ വന്നിട്ടുള്ള പിശകാണ് ന്യായവില രജിസ്റ്ററിൽ അപേക്ഷാ വസ്തുവിന് സർക്കാർ ഭൂമി എന്ന് രേഖപ്പെടുത്താൻ കാരണമായിട്ടുള്ളത്.

ന്യായവില നിർണ്ണയത്തിലെ അപാകതകൾ 1959-ലെ കേരള സ്റ്റാമ്പ് ആക്ട് സെക്ഷൻ 28 (എ) പ്രസ്തുത നിയമത്തിൻ കീഴിലുള്ള 1995-ലെ കേരള സ്റ്റാമ്പ് (ഫിക്സേഷൻ ഓഫ് ഫെയർ വാല്യു ഓഫ് ലാൻഡ്) റൂൾസ് ചട്ടം (3) എന്നിവ പ്രകാരം ന്യായവില നിർണ്ണയിച്ച് ചട്ടം (4) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധപ്പെടുത്തേണ്ടതുണ്ട്.

ഈ സാഹചര്യത്തിൽ അപേക്ഷ വസ്തുവായ തൃക്കാരിയൂർ വില്ലേജ്, സർവ്വെ 126/1/12/9/2, 126/1/11/8 നമ്പർ വസ്തുക്കൾക്ക് 'റസിഡൻഷ്യൽ പ്ലോട്ട് വിത്ത് പഞ്ചായത്ത് റോഡ് ആക്സസ്' കാറ്റഗറിയിൽ ആർ ഒന്നിന് ₹ 27,000 (ഇരുപത്തിയേഴായിരം രൂപ മാത്രം) ന്യായവില നിശ്ചയിച്ച് ഉത്തരവാകുന്നു.

Form 'A'

[*See* Rule 4]

NOTIFICATION

No. A8-2066/2020. *20th March 2020.*

Whereas, it is expedient to publish the Fair Value of Land as required under Section 28A of the Kerala Stamp Act, 1959 read with rule (4) of Kerala Stamp (Fixation of Fair Value of Land) Rules, 1995;

Now, Therefore, it is hereby made known to the public that the fair value fixed for the land mentioned against each serial number, in respect of the land situated in the survey/re-survey numbers of the Village and Taluk mentioned against each, shall be as shown against it in column (11) thereof.

SCHEDULE

*District*—Ernakulam.

*Taluk*—Kothamangalam. *Village*—Thrikkariyoor.

| *Sl. No.* | *Sy. No.* | *Sub Division No.* | *Re-Sy. Block* | *Re-Sy. No.* | *Re-Sy. Sub Div. No.* | *Panchayath/ Municipality/ Corporation* | *Name of Local Body Panchayath/ Municipality/ Corporation* | *Name and No. of Ward* | *Classification by use* | *Fair Value per Are ₹* |
|---|---|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) |
| 1 | 126 | 1/12/9/2 | .. | .. | .. | Panchayat | Kottappady | Naganchery | Residential plot with Panchayat road access | 27,000 |
| 2 | 126 | 1/11/8 | | | | | | | | 27,000 |

(2)

നമ്പർ എ8-2660/2020. 2020 ജൂൺ 2.

വിഷയം:—ന്യായവില പുനർനിർണ്ണയം—ശ്രീ. കപിൽ ചെറുപറമ്പിൽ സമർപ്പിച്ച അപേക്ഷ—ന്യായവില പുനർ നിർണ്ണയിച്ച് ഉത്തരവാകുന്നത്—സംബന്ധിച്ച്.

സൂചന:—(1) ശ്രീ. കപിൽ, സി. സി., ചെറുപറമ്പിൽ സമർപ്പിച്ച അപേക്ഷ.

(2) പെരുമ്പാവൂർ വില്ലേജ് ഓഫീസറുടെ 161/2020-ാം നമ്പർ റിപ്പോർട്ട്.

(3) കുന്നത്തുനാട് തഹസീൽദാരുടെ 15-5-2020-ലെ എ6-4483/20 നമ്പർ റിപ്പോർട്ട്.

(4) ലാന്റ് റവന്യൂ കമ്മീഷണറുടെ 11-2-2019-ലെ എൽ.ആർ.എ3-54674/18-ാം നമ്പർ പരിപത്രം.

കുന്നത്തുനാട് താലൂക്ക്, പെരുമ്പാവൂർ വില്ലേജ്, ബ്ലോക്ക് 134-ൽ റീസർവ്വെ 33-ൽ ഉൾപ്പെട്ടുവരുന്ന 02.14.95 ഹെക്ടർ വസ്തുവിൽ കൈമാറ്റശേഷം ബാക്കി നിൽക്കുന്ന 01.83.10 ഹെക്ടർ പുരയിട വസ്തുവിന്റെ ന്യായവില പുനർനിർണ്ണയിച്ച് ലഭിക്കുന്നതിന് പെരുമ്പാവൂർ വില്ലേജ്, ചെറുപറമ്പിൽ ശ്രീ. കപിൽ, സി. സി. എന്നയാൾ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്.

അപേക്ഷയിന്മേൽ കുന്നത്തുനാട് തഹശീൽദാർ മുഖേന അന്വേഷണം നടത്തിയതിൽ പ്രസ്തുത വസ്തു ഒന്നായി കിടന്നിരുന്ന സമയത്ത് മുനിസിപ്പൽ റോഡ് ആക്സസ് ഉണ്ടായിരുന്നതും, വസ്തു കൈമാറ്റശേഷം ബാക്കി നിൽക്കുന്ന വസ്തുവിലേക്ക് മുനിസിപ്പൽ റോഡ് സൗകര്യം ഇല്ലാത്തതുമാണെന്ന് സൂചന (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ന്യായവില രജിസ്റ്ററിൽ ടി വസ്തുവിന് റെസിഡൻഷ്യൽ പ്ലോട്ട് വിത്ത് മുനിസിപ്പൽ റോഡ് ആക്സസ് എന്ന വിഭാഗത്തിൽപ്പെടുത്തി ആർ ഒന്നിന് ₹ 2,00,000 ന്യായവില നിശ്ചയിച്ചിട്ടുള്ളതാണ്. എന്നാൽ നിലവിൽ അപേക്ഷ വസ്തുവിലേക്ക് മുനിസിപ്പൽ റോഡ് സൗകര്യം ഇല്ലാത്തതും, അപേക്ഷാ വസ്തു സമീപ വസ്തുക്കളേക്കാൾ പ്രാധാന്യം കുറഞ്ഞ സ്ഥലത്ത് സ്ഥിതി ചെയ്യുന്നതുമാണെന്ന് തഹശീൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സമാനവസ്തുവായി പരിഗണിച്ചിട്ടുള്ള റീസർവ്വെ 44-ൽപ്പെട്ട വസ്തുവിന് ആർ ഒന്നിന് 'റെസിഡൻഷ്യൽ പ്ലോട്ട് വിത്ത് പ്രൈവറ്റ് റോഡ് ആക്സസ്' കാറ്റഗറിയിൽ ₹ 1,70,000 വില നിശ്ചയിച്ചിട്ടുള്ളതുമാണ്.

സമാനവസ്തുവായി കാണിച്ചിട്ടുള്ള വസ്തുവിന് മുനിസിപ്പൽ റോഡിലേക്ക് നേരിട്ട് പ്രവേശനമുള്ളതും അപേക്ഷാ വസ്തുവിനേക്കാൾ വിസ്തീർണ്ണം കുറഞ്ഞതുമാണ് എന്ന് കാണുന്നു. അപേക്ഷാ വസ്തുവിന് 'റെസിഡൻഷ്യൽ പ്ലോട്ട് വിത്ത് പ്രൈവറ്റ് റോഡ് ആക്സസ്' കാറ്റഗറിയിൽ ആർ ഒന്നിന് ₹ 1,70,000 ന്യായവില പുനർനിർണ്ണയിക്കാവുന്നതാണെന്ന് സൂചന (3) പ്രകാരം കുന്നത്തുനാട് തഹശീൽദാർ ശുപാർശ ചെയ്തിട്ടുണ്ട്.

ന്യായവില നിർണ്ണയത്തിലെ അപാകതകൾ 1959-ലെ കേരള സ്റ്റാമ്പ് ആക്ട് സെക്ഷൻ 28എ, പ്രസ്തുത നിയമത്തിന്റെ കീഴിലുള്ള 1995-ലെ കേരള സ്റ്റാമ്പ് (ഫിക്സേഷൻ ഓഫ് ഫെയർ വാല്യു ഓഫ് ലാൻഡ്) ചട്ടം 3 എന്നിവ പ്രകാരം നിർണ്ണയിച്ച് ചട്ടം 4 പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധപ്പെടുത്തേണ്ടതുണ്ട്.

ഈ സാഹചര്യത്തിൽ അപേക്ഷ വസ്തുവായ പെരുമ്പാവൂർ വില്ലേജ്, ബ്ലോക്ക് 134-ൽ റീസർവ്വെ 33/2-ൽ ഉൾപ്പെട്ടുവരുന്ന 1.83.10 ഹെക്ടർ വസ്തുക്കൾക്ക് 'റെസിഡൻഷ്യൽ പ്ലോട്ട് വിത്ത് പ്രൈവറ്റ് റോഡ് ആക്സസ്' കാറ്റഗറിയിൽപ്പെടുത്തി ആർ ഒന്നിന് 1,70,000 (ഒരു ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം) ന്യായവില നിർണ്ണയിച്ച് ഉത്തരവാകുന്നു.

FORM 'A'

[*See* Rule 4]

NOTIFICATION

No. A8-2660/2020. *2nd June 2020*.

Whereas, it is expedient to publish the Fair Value of Land as required under Section 28A of the Kerala Stamp Act, 1959 read with rule (4) of Kerala Stamp (Fixation of Fair Value of Land) Rules, 1995;

Now, Therefore, it is hereby made known to the public that the fair value fixed for the land mentioned against each serial number, in respect of the land situated in the survey/re-survey numbers of the Village and Taluk mentioned against each, shall be as shown against it in column (11) thereof.

SCHEDULE

*District*—Ernakulam.

*District*—Ernakulam. *Taluk*—Kunnathunad.

*Village*—Perumbavoor. Desom—Perumbavoor.

| *Sl. No.* | *Sy. No.* | *Sub Division No.* | *Re-Sy. Block* | *Re-Sy. No.* | *Re-Sy. Sub Div. No.* | *Panchayath/ Municipality/ Corporation* | *Name of Local Body Panchayath/ Municipality/ Corporation* | *Name and No. of Ward* | *Classification by use* | *Fair Value per Are* ₹ |
|---|---|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) |
| 1 | .. | .. | 134 | 33 | 2 | Municipality | Perumbavoor | .. | Residential plot with Private road access | 1,70,000 |

Revenue Divisional Office,
Moovattupuzha.

(Sd.)
*Revenue Divisional Officer.*